<u>പതിനാലാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2998 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## <u>ചിട്ടി ആരംഭിയ്ക്കുമ്പോഴുള്ള സെക്യൂരിറ്റി</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. എം. മാണി | | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര ചിട്ടിനിയമം അനുസരിച്ച് ഒരു ചിട്ടികമ്പനി, ഒരുചിട്ടി ആരംഭിയ്ക്കുമ്പോൾ സെക്യൂരിറ്റിയായി എന്തെല്ലാം നൽകേണ്ടതുണ്ട്; പ്രസ്തുത സെക്യൂരിറ്റി ആരുടെ പേരിലാണ് നൽകേണ്ടത്; | (എ) | കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ഒരു ചിട്ടികമ്പനി ആരംഭിയ്ക്കുമ്പോൾ സെക്യൂരിറ്റിയായി താഴെ പറയുന്ന രേഖകൾ നൽകേണ്ടതുണ്ട്.<br>1) തുടങ്ങുവാൻ ഉദ്ദേശിയ്ക്കുന്ന ചിട്ടി സലയ്ക്ക് തുല്യമായ തുക, ക്യാഷ് ഡെപ്പോസിറ്റായി ചിട്ടി തുടങ്ങുവാൻ ഉദ്ദേശിയ്ക്കുന്ന സ്ഥലത്തെ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ പേരിൽ അംഗീകൃത ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതും ബാങ്ക് ഗ്യാരന്റി ഫോർമാൻ അസിസ്റ്റന്റ് രജിസ്ട്രാർക്ക് കൈമാറേണ്ടതുമാണ്.<br>2) ചിട്ടി തുകയുടെ ഒന്നരമടങ്ങിൽ കുറയാത്ത സംഖ്യ മുഖവിലയുള്ളതോ മതിപ്പ് വിലയുള്ളതോ (കുറവ് ഏതാണോ അത്) ആയ സർക്കാർ സെക്യൂരിറ്റി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് ചിട്ടി സെക്യൂരിറ്റിയായി നൽകാവുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന കടപ്പത്രങ്ങൾ, സർക്കാർ പ്രോമിസറി നോട്ടുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, മറ്റു സർക്കാർ ബോണ്ടുകൾ എന്നിങ്ങനെയുള്ള സെക്യൂരിറ്റികൾ ഈ വിധത്തിൽ സ്വീകരിക്കാവുന്നതാണ്. എന്നാൽ അവ നിശ്ചിത കാലയളവിലേക്ക് വിൽക്കാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല എന്ന നിബന്ധനയുള്ള 'ലോക്ക് ഇൻ പീരീഡ്' ഉള്ളവയാണെങ്കിൽ സ്വീകരിക്കുവാൻ |

—2

| | | | |
|---|---|---|---|
| | | | പാടില്ലാത്തതാണ്. 3) സ്ഥാവര വസ്തു ചിട്ടിക്ക് ജാമ്യമായി നൽകാവുന്നതാണ്. എന്നാൽ ഈ സംഗതിയിൽ ചിട്ടിക്ക് ജാമ്യമായി നൽകുന്ന വസ്തുവിന്റെ മൂല്യം ചിട്ടി സലയുടെ രണ്ട് മടങ്ങിൽ കുറയാത്തതായിരിക്കണം. സ്ഥാവര വസ്തു ജാമ്യമായി നൽകുന്ന സംഗതിയിൽ, വസ്തു ഫോർമാന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതും മറ്റു ബാധ്യതകൾ ഇല്ലാത്തതുമായിരിക്കണം. വസ്തുവിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ചട്ടം 20 പ്രകാരം വസ്തു നേരിട്ട് പോയി കണ്ട് പരിശോധിക്കുന്നതുൾപ്പെടെയുള്ള ജോലികൾ അസിസ്റ്റന്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതും വസ്തുവിന്റെ ലൊക്കേഷൻ സ്കെച്ച് ഫോർമാൻ അസിസ്റ്റന്റ് രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്. വസ്തു പരിശോധനയ്ക്ക്, ഫീസ് പട്ടിക ആർട്ടിക്കിൾ 1 പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. ചട്ടം 20 (10) പ്രകാരം സെക്യൂരിറ്റി ബോണ്ട് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. മുൻപറഞ്ഞ ആദ്യ രണ്ട രീതികളിൽ സെക്യൂരിറ്റി നൽകുമ്പോൾ സെക്യൂരിറ്റി ബോണ്ട് ഐച്ഛികമാണ്. |
| (ബി) | സെക്യൂരിറ്റി തുകയും അതിനുള്ള പലിശയും ചിട്ടിക്കമ്പനിയ്ക്ക് എപ്പോഴാണ് മടക്കി കിട്ടുന്നത്; മടക്കി കിട്ടാൻ കമ്പനി എന്തെല്ലാം വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്; | (ബി) | കാലാവധി പൂർത്തിയായ ചിട്ടിയുടെ നിയമാനുസൃതമുള്ള ചിട്ടി ഓഡിറ്റിംഗ് പൂർത്തിയാക്കിയ ശേഷം നിശ്ചിത ഫീസടച്ച് ഗസറ്റിൽ പരസ്യം ചെയ്യുകയും അതിനുശേഷം സെക്യൂരിറ്റി തുകയും പലിശയും ചിട്ടികമ്പനിക്ക് മടക്കി വാങ്ങാവുന്നതുമാണ്. |
| (സി) | ഈ സെക്യൂരിറ്റി തുക ഏതെല്ലാം ബാങ്കുകളിലാണ് അടയ്ക്കേണ്ടത്; ഈ സെക്യൂരിറ്റി തുക കിഫ്ബി വഴി ശേഖരിക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ? | (സി) | അംഗീകൃത ബാങ്കുകളിലാണ് സെക്യൂരിറ്റി തുക അടയ്ക്കേണ്ടത്. കിഫ്ബി വഴി സെക്യൂരിറ്റി സ്വീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ